(ബി) പോളച്ചിറ ഏലായിലുള്ള ഭൂമി ഏകദേശം 400 ഓളം കർഷകരുടെ കൈവശത്തിലാണ്. അതിൽ 200 ഓളം കർഷകർ പുഞ്ചനെൽകൃഷി ചെയ്യുന്നതിന് താൽപ്പര്യം പ്രകടിപ്പിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) പുഞ്ചകൃഷി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ കർഷകരുടെ ഒരു യോഗം വിളിക്കുകയും ആയത് പ്രകാരം നടത്തിയ ചർച്ചയിൽ നബാർഡ് പദ്ധതി പൂർത്തീകരിക്കാതെ പുഞ്ചകൃഷി ചെയ്യുന്നത് കൃഷിക്ക് അനുകൂലമായിരിക്കില്ലായെന്ന് പൊതുവേ കർഷകർ അഭിപ്രായപ്പെട്ട. നബാർഡ് പദ്ധതി യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ വന്നത് പുഞ്ചകൃഷിക്ക് തടസ്സമായിട്ടുണ്ട്.

(ഇ) 2013 വർഷത്തിലെ പുഞ്ചനെൽകൃഷി ചെയ്തപ്പോൾ ഉൽപ്പാദിപ്പിച്ച 320 ടൺ നെല്ലിന് അന്നത്തെ വിലയായ കിലോയ്ക്ക് 16 രൂപ പ്രകാരം 51,20,000 രൂപ ആദായമുണ്ടായിരുന്നു. കൂടാതെ മത്സ്യം ലേലം ചെയ്തത് പ്രകാരവും വരുമാന മുണ്ടായിട്ടുണ്ട്. ഉൽപ്പാദനച്ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ പുഞ്ചകൃഷി വളരെ ലാഭകരമായിരുന്നു.

ധർമ്മടം നിയോജകമണ്ഡലത്തിലെ കൃഷിവകുപ്പിന്റെ പദ്ധതികൾ

207 (1583) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ധർമ്മടം നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പിന് കീഴിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികൾ ഏതൊക്കെ ഘട്ടത്തിലാണെന്ന് പ്രത്യേകം വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

കുളങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ

208 (1584) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കുളങ്ങൾ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly